(ബി) ഉണ്ടെങ്കിൽ ഏത് ആവശ്യത്തിനുവേണ്ടിയാണെന്ന് വ്യക്തമാക്കാമോ ;

(സി) മേൽ പറഞ്ഞ പുറമ്പോക്കു ഭൂമി പഞ്ചായത്ത് റസല്യൂഷൻ പാസാക്കി ആവശ്യപ്പെട്ടതിനുശേഷം ഗനയ്യാറിൻകര പി. ഡബ്ലിയു. ഡി. ആഫീസിലെ ഒരു ജീവനക്കാരന് പതിച്ചുകൊടുത്തകാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അക്കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെടുത്തിയാൽ കർശനമായ നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പഞ്ചായത്തിന് ചന്ത നടത്തുന്നതിനുവേണ്ടി.

(സി) ഇല്ല.

(ഡി) പരിശോധിക്കാവുന്നതാണ്.

വാടക നിയന്ത്രണ നിയമം

302 [477] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാടക നിയന്ത്രണനിയമം ഇപ്പോൾ എത്ര പഞ്ചായത്തുകളിൽ നിലവിലുണ്ട് ;

(ബി) ഇനി എത്ര പഞ്ചായത്തുകളിൽ ഏർപ്പെടുത്താനുണ്ട് ;

(സി) 1-5-1986-നകം എല്ലാ പഞ്ചായത്തുകളിലും വാടക നിയന്ത്രണ നിയമം നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറാകുമോ ?

ഉത്തരം

(എ) 190 പഞ്ചായത്തുകളിൽ.

(ബി, സി) പഞ്ചായത്തുകളിൽ വാടകനിയന്ത്രണ ചട്ടം നടപ്പാക്കണമെന്ന് ആവശ്യപ്പെടുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി എടുക്കുന്നതാണ്. അപ്രകാരം ആവശ്യപ്പെട്ട 41 പഞ്ചായത്തുകളുടെ കാര്യം പരിഗണനയിലുണ്ട്.

ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷൻ സംഭാവന

303 [478] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിരാഗാന്ധി ചാരിറ്റബിൾ ഫൗണ്ടേഷന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകണമെന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവോ ;

(ബി) ഈ ഉത്തരവു പ്രകാരം എത്ര സ്ഥാപനങ്ങൾ എത്ര സംഖ്യ ഫൗണ്ടേഷന് നൽകി ;

(സി) ഈ ഫൗണ്ടേഷന്റെ ചെയർമാൻ മന്ത്രിയുംപ്പെടുന്ന പാർട്ടിയുടെ ജില്ലാ നേതാവാണോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഈ ഉത്തരവ് പിൻവലിക്കാനുണ്ടായ കാരണമെന്താണ് ;

(ഇ) ഉത്തരവുമൂലം പിരിച്ച സംഖ്യ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് തിരികെ നൽകിയോ ; ഇല്ലെങ്കിൽ കാരണമെന്താണ് ?

ഉത്തരം

(എ) പെർമിസീവ് സാംഗ്ഷൻ നൽകിയിരുന്നു.

(ബി) ഈ ഉത്തരവു പ്രകാരം ബന്ധപ്പെട്ട സമിതികൾ തീരുമാനമെടുത്ത് ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സംഭാവന നൽകിയതായി അറിവില്ല.

(സി) ആണ്.

(ഡി) ഇതിനെപ്പറ്റി പത്രങ്ങളിലും മറ്റും ആക്ഷേപങ്ങൾ വന്നതുകൊണ്ടുമാത്രമാണ് ഉത്തരവ് റദ്ദാക്കിയിട്ടുള്ളത്.

(ഇ) ഏതെങ്കിലും സംഭാവന നൽകിയിട്ടുണ്ടെങ്കിൽ ആയതു തിരികെ വസൂലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

എൻ. ആർ ഇ. പി. യിൽ പണിപൂർത്തിയാകാത്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ അനുവദിച്ച തുക

304 [479] ശ്രീ. കെ. ടി. കുണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻ. ആർ. ഇ. പി. പദ്ധതിയനുസരിച്ച് പണി പൂർത്തിയാകാത്ത റോഡുകളുടെ പണി പൂർത്തിയാക്കാൻ ഈ സാമ്പത്തിക വർഷത്തിൽ എത്ര രൂപ അനുവദിച്ചു ;

(ബി) ഏതെല്ലാം ജില്ലകളിൽ ;

(സി) ഈ വർഷം റോഡുകളുടെ പണി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടും ചില ബ്ലോക്കുകളിൽ പണി തുടങ്ങിയില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ, ബി) റോഡുപണികൾക്ക് മാത്രമായി 800.61 ലക്ഷം രൂപ ഈ വർഷം വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. എന്നാൽ പണി പൂർത്തിയാകാത്ത റോഡുകൾക്ക് മാത്രമായി പ്രത്യേകം തുക അനുവദിച്ചിട്ടില്ല. മറ്റു വിശദവിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

പൂർത്തിയാക്കാത്ത എൻ. ആർ. ഇ. പി. റോഡുകൾ

305 [480] ശ്രീ. കെ. പി. രാമൻ : താഴെ കാണുന്ന ചോദ്യത്തിന് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കഴിഞ്ഞ കാലത്ത് എൻ. ആർ. ഇ. പി. യിൽ ആരംഭിച്ചതും ഇതുവരെയായി പൂർത്തിയാക്കുവാൻ സാധിക്കാത്തതുമായ റോഡുകളുടെ കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് ?

LIBRARY ARCHIVES Kerala Legislative Assembly